(ബി) മനയ്ക്കൽ ചിറ മുതൽ ഒന്നാം കരവരെയുള്ള എ.സി. കനാൽ നിർമ്മാണത്തിന് നാളിയുവരെ 5,99,19,709 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം

135 (4938) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനംചെയ്യുന്ന നിലയ്ക്കൽ വാട്ടർ സപ്ലൈ പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ് ; വിശദമാക്കാമോ ;

(ബി) നിലയ്ക്കൽ കൂടാതെ ഏതൊക്കെ പ്രദേശത്താണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് കൂടി പ്രയോജനം ചെയ്യുന്ന നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇൻ ടേക്ക് കിണർ, പമ്പ് ഹൗസ്, 13 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല എന്നീ ഘടകങ്ങളുടെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ജലശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി.-യുടെ പ്രോജക്ടിന് സുരക്ഷിതത്വ പ്രശ്നമുള്ളതുകൊണ്ട് ഈ സ്ഥലം വിട്ടുനൽകാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായി ഇൻ ടേക്ക് കിണറിന് സമീപമുള്ള കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് ജലശുദ്ധീകരണശാല പണിയാൻ പുതുതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.യിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലയ്ക്കൽ കൂടാതെ സീതത്തോട് പഞ്ചായത്തും പ്ലാപ്പള്ളി ഏരിയയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly